(ബി) ഇതിന് ആനുപാതികമായി നെല്ലുത്പാദനത്തിൽ ജില്ലയിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കുട്ടനാടൻ പാക്കേജിന്റെ മാതൃകയിൽ പാലക്കാട് ജില്ലയ്ക്കനുസൃതമായ ഒരു പാക്കേജ് പരിഗണനയിലുണ്ടോ ;

(ഇ) ആലത്തൂർ മേഖലയിലെ കൃഷിക്കാർക്ക് കൂടുതൽ കൃഷിവിജ്ഞാനം ലഭിക്കുന്നതിനും, ആധുനിക കൃഷിരീതികളെക്കുറിച്ചു മനസ്സിലാക്കുന്നതിനും വേണ്ടി പട്ടാമ്പി നെല്ലുത്പാദന ഗവേഷണ കേന്ദ്രത്തിന്റെ അനുബന്ധസ്ഥാപനം ആലത്തൂർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ലുൽപ്പാദനത്തിൽ ജില്ലയിൽ കുറവ് വന്നിട്ടില്ല.

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും സുസ്ഥിര നെൽകൃഷി, പ്രത്യേക നെല്ലിനങ്ങൾക്കുള്ള പദ്ധതി, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, ഉഴവുകൂലി, സൗജന്യ വൈദ്യുതി, ഉല്പാദന ബോണസ് എന്നിവ മുഖേന ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതിനുംപുറമേ ജനകീയാസൂത്രണ പദ്ധതി പ്രകാരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) ഇല്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

**ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ**

200 (3486) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

**ജൈവകർഷകരെ സഹായിക്കുന്നതിന് ബയോ കൺട്രോൾ ലബോറട്ടറികൾ**

201 (3487) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ-കർഷകരെ സഹായിക്കുന്നതിനായി ഓരോ ജില്ലയിലും ബയോകൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയത്ത് ജില്ലാ ബയോ കൺട്രോൾ ലബോറട്ടറി സ്ഥാപിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

202(3488) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും സ്ഥലം ലഭ്യമാക്കി മന്ത്രിസഭായോഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കി രണ്ടു വർഷം കഴിഞ്ഞിട്ടും പതിച്ചുകൊടുക്കാൻ കഴിയാതെ വന്നതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly